# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**29.11.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **560**

### നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ക്വാറി ഉൽപ്പന്നങ്ങൾക്ക് കൊല്ലം ജില്ലയിൽ ഉണ്ടായ ലഭ്യതക്കുറവ് മൂലം നിർമാണ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ക്വാറി ഉൽപ്പന്നങ്ങൾക്ക് കൊല്ലം ജില്ലയിൽ ഉണ്ടായ ലഭ്യതക്കുറവ് മൂലം നിർമാണ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ ക്വാറിയിംഗ് ലീസ് പ്രകാരം 17 ക്വാറികളും ക്വാറിയിംഗ് പെർമിറ്റ് പ്രകാരം 7 ക്വാറികളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സമീപ ജില്ലയായ പത്തനംതിട്ടയിൽ നിന്നും കൊല്ലം ജില്ലയിലേയ്ക്ക് കരിങ്കല്ല് ഉൽപന്നങ്ങൾ കൊണ്ടുവരുന്നുമുണ്ട്. ഈ സാഹചര്യത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ക്വാറി ഉൽപന്നങ്ങൾക്ക് രൂക്ഷമായ ദൗർലഭ്യം നേരിടുന്നില്ല. |
| (ബി) പ്രസ്തുത വിഷയം പരിഹരിക്കുന്ന തിനും സംസ്ഥാനത്ത് ക്വാറി ഉൽപന്നങ്ങളുടെ വില ഏകീകരി ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ നിർബന്ധമായ സാഹചര്യ ത്തിൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങൾക്ക് നേരിയ വില വർദ്ധനവുണ്ടായി ട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് നേരിടുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.<br>2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ |

(simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി)25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

5. അന്യ സംസ്ഥാനത്തു നിന്നും കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

6. 09.03.2018, 21.11.2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം ചേരുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

7. ക്വാറി ഉൽപന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ സർക്കാർ ഭൂമിയിൽ പാറ ഖനനം ചെയ്യുന്നതിന് നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിനു ചീഫ് സെക്രട്ടറി തലത്തിൽ ജില്ലാകലക്ടർ മാർക്കു നിർദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ